1. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ
2. പ്ലാന്റേഷൻ കോർപ്പറേഷൻ
3. കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ
4. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
5. റബ്ബർ ബോർഡ്
6. ജലസേചന വകുപ്പ്
7. ഐ.എഫ്.ജി.റ്റി.ബി.
8. സി.പി.ആർ.ഐ.
9. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ

(ഇ) പാട്ടത്തുക കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. പാട്ടത്തുക കുറയ്ക്കാനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിക്കു ബാധകമല്ല.

ഫോറസ്റ്റ് പരിധിയിൽനിന്ന് മുറിച്ചു മാറ്റിയ മരം

130 [438] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫോറസ്റ്റ് പരിധിയിൽ നിന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ മരം മുറിച്ചുമാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഫോറസ്റ്റ് റെയിഞ്ചുകളിൽനിന്നും എത്ര രൂപയുടെ വീതം മരം മുറിച്ചു മാറ്റിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഫോറസ്റ്റ് പരിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41688.503 ലക്ഷം രൂപയുടെ മരം മുറിച്ചുമാറ്റിയിട്ടുണ്ട്.

(ബി) റെയിഞ്ച് തിരിച്ചുള്ള വിവരം അനുബന്ധമായി വച്ചിരിക്കുന്നു. † ഈസ്റ്റേൺ സർക്കിൾ പാലക്കാടിന്റ കീഴിലുള്ള റെയിഞ്ചു തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫോറസ്റ്റ് മാനേജ്മെന്റ് പ്രകാരമുള്ള മരം മുറിച്ചുമാറ്റൽ

131 [439] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരം കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽ നിന്നും എത്ര കോടി രൂപയുടെ മരം മുറിച്ചു മാറ്റപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1980-ലെ വനസംരക്ഷണ നിയമവും വർക്കിംഗ് പ്ലാൻ അനുമതിക്ക് നൽകിയ നിബന്ധനകളും ലംഘിച്ചുകൊണ്ടാണ് ഈ മരം മുറിച്ചുമാറ്റൽ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണവം ഫോറസ്റ്റിലെ മരം മുറിക്കലുമായി ബന്ധപ്പെട്ട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) അംഗീകൃത വർക്കിംഗ് പ്ലാൻ അനുസരിച്ച് കണ്ണവം റെയിഞ്ചിൽ നിന്നും ഉദ്ദേശം 7,37,50,000 രൂപയുടെ മരം മുറിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) 'സൊസൈറ്റി ഫോർ എൻവയോൺമെന്റൽ എഡ്യൂക്കേഷൻ ഇൻ കേരള' എന്ന സംഘടന സമർപ്പിച്ച പരാതിയിൻമേൽ (പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ നിർദ്ദേശപ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ റീജിയൺ) 11-2-2004-ൽ നടത്തിയ അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. † ശ്രീ. പി. ജയരാജൻ, ശ്രീ. കെ. പി. മോഹനൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ എം. എൽ. എ.-മാരിൽ നിന്ന് സർക്കാരിൽ ലഭിച്ച പരാതിയിൻമേൽ മുഖ്യ വനപാലകന്റെ അഭിപ്രായത്തോടെയുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അവർക്ക് പ്രത്യേകം മറുപടി നൽകുന്നതാണ്.

വിജിലൻസ് കേസുകൾ

132 [442] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ഓഫീസർ തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിവിൽ വന്ന ശേഷം അഴിമതിയുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അഴിമതി സംബന്ധിച്ച കേസുകളിൽ ഏതിലെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചു വിട്ടിട്ടുണ്ടോ; എങ്കിൽ പേരു വിവരം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly